"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സിമെറ്റിന് കീഴിൽ പ്രവർത്തിക്കുന്ന പള്ളുരുത്തി നഴ്സിംഗ് കോളേജിലെ ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.935/2026/H&FWD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- സിമെറ്റ് ഡയറക്ടറുടെ 17.06.2025 ലെ സി/2083/2025/സിമെറ്റ് നമ്പർ കത്ത്

**ഉത്തരവ്**

പള്ളുരുത്തി സിമെറ്റ് നഴ്സിങ് കോളേജിൽ ബി.എസ്.സി നഴ്സിങ്, പോസ്റ്റ് ബേസിക് നഴ്സിങ് എന്നീ കോഴ്സുകളിലായി പഠിക്കുന്ന മുന്നൂറോളം വിദ്യാർഥികൾക്ക് താമസ സൗകര്യം ഒരുക്കിയിരിക്കുന്ന 15 കിലോമീറ്റർ അകലെയുള്ള തൃപ്പൂണിത്തുറ ഹോസ്റ്റലിൽ എല്ലാ വിദ്യാർഥിനികളെയും താമസിപ്പിക്കാനുള്ള ഭൗതിക സാഹചര്യം നിലവിലില്ലാത്ത സാഹചര്യത്തിൽ പള്ളുരുത്തി കോളേജിനോട് ചേർന്ന് മുൻപ് ഹോസ്റ്റൽ ആയി പ്രവർത്തിച്ചിരുന്ന കെട്ടിടം അറ്റകുറ്റപണികൾ നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), എറണാകുളം തയ്യാറാക്കിയ ₹.45,00,000/- അടങ്കൽ തുക രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി സിമെറ്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), എറണാകുളം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരവും മറ്റ് നടപടിക്രമങ്ങൾ പാലിച്ചും പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന വ്യവസ്ഥയോടെ പള്ളുരുത്തി സിമെറ്റ് നഴ്സിങ് കോളേജിന്റെ ഹോസ്റ്റൽ കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ സിമെറ്റിന്റെ തനത് ഫണ്ടിൽ നിന്നും ₹.45,00,000 രൂപ (നാല്പത്തിയഞ്ച് ലക്ഷം രൂപാ മാത്രം) ചെലവഴിച്ച്, പൊതുമരാമത്ത് വകുപ്പ് മുഖേന ഡിപ്പോസിറ്റ് വർക്ക് ആയി ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീകല ആർ

അണ്ടർ സെക്രട്ടറി

ഡയറക്ടർ, സിമെറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ (C3/372/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 06-03-2026 11:11:09

സെക്ഷൻ ഓഫീസർ